# 2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

2018 ഡിസംബർ 4-ാം തീയതി സഭയിൽ സമർപ്പിച്ചത്

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

## 2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

1589/2018.

# ഉള്ളടക്കം

| | | | |
|---|---|---|---|
| | | | പേജ് |
| 1. | സമിതിയുടെ ഘടന | : | V |
| 2. | റിപ്പോർട്ട് | : | I |
| 3. | അനുബന്ധം : | | |
| I. | വിയോജനക്കുറിപ്പ് | : | 3 |
| II. | സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | : | 5 |

# സബ്ജക്ട് കമ്മിറ്റി XIV

## (ആഭ്യന്തരകാര്യങ്ങൾ)

## (2016-2018)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. പിണറായി വിജയൻ,
മുഖ്യമന്ത്രി.

<u>പ്രത്യേക ക്ഷണിതാവ്</u> :

ശ്രീ. എ. കെ. ബാലൻ,
പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും
നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. വി. എസ്. അച്ചുതാനന്ദൻ

ശ്രീ. ജെയിംസ് മാത്യു

ശ്രീ. കെ. എം. മാണി

ഡോ. എം. കെ. മുനീർ

ശ്രീ. സി. കെ. നാണു

ശ്രീ. ഉമ്മൻ ചാണ്ടി

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. രാജു എബ്രഹാം

ശ്രീ. ആർ. രാമചന്ദ്രൻ

ശ്രീ. രമേശ് ചെന്നിത്തല

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു കെ. എ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. പി. വി. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി.

# 2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ

## (സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട്)

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കായി അയച്ച 2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ (ബിൽ നമ്പർ 165), സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

2. 2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ, 2018 നവംബർ 21-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2018 നവംബർ 29-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയയ്ക്കുകയും ചെയ്തു.

3. 2018 ഡിസംബർ 3-ാം തീയതി സമിതി യോഗം ചേർന്ന് ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

<u>ഖണ്ഡം 3</u>

3-ാം ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുക.

"<u>3. തീർപ്പാകാതെ നിലവിലിരിക്കുന്ന ചില അപേക്ഷകളെ സംബന്ധിച്ചും മറ്റു ചില സംഗതികളെ സംബന്ധിച്ചും ഉള്ള പ്രത്യേക വ്യവസ്ഥ</u>.– പ്രധാന ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ ഏതെങ്കിലും കോടതിയുടെ വിധി ന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, അതതു സംഗതി പോലെ, സംസ്ഥാന അതോറിറ്റിയുടെയോ ജില്ലാ അതോറിറ്റികളുടെയോ മുമ്പാകെ പ്രധാന ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ സമർപ്പിച്ചിട്ടുള്ളതും, തീർപ്പാകാതെ നിലവിലിരിക്കുന്നതുമായ എല്ലാ അപേക്ഷകളെ സംബന്ധിച്ചും ഏതെങ്കിലും കോടതിയുടെ വിധിന്യായത്തിനനുസൃതമായി പ്രസ്തുത അതോറിറ്റികൾ വീണ്ടും തീർപ്പാക്കേണ്ടതായ ഏതെങ്കിലും സംഗതികളെ സംബന്ധിച്ചും ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ 112-ാം വകുപ്പ് (5) ഉം (6) ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾ ബാധകമായിരിക്കുന്നതാണ്."

4. മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5. വിയോജനക്കുറിപ്പും സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും അനുബന്ധമായി ചേർത്തിരിക്കുന്നു.

തിരുവനന്തപുരം,
2018 ഡിസംബർ 3.

പിണറായി വിജയൻ,
*അദ്ധ്യക്ഷൻ,*
*സബ്ജക്റ്റ് കമ്മിറ്റി XIV.*

അനുബന്ധം I

## വിയോജനക്കുറിപ്പ്

കേരള പോലീസ് (ഭേദഗതി) ബിൽ ഈ സഭാ സമ്മേളനത്തിൽ കൊണ്ടുവരുന്നത് സംസ്ഥാന പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റിയുമായി ബന്ധപ്പെട്ട് 2017-ലെ 18566-ാം നമ്പർ റിട്ട് ഹർജിയിലെ ബഹു. കേരള ഹൈക്കോടതി വിധി മറികടക്കാനാണെന്നുള്ളത് ഉൽക്കണ്ഠാജനകമാണ്. പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റിയിൽ ഫുൾ ക്വാറം ഇല്ലാതിരിക്കുമ്പോൾ ചെയർപേഴ്സണോ മറ്റ് അംഗങ്ങളോ പാസാക്കുന്ന ഉത്തരവുകൾക്ക് നിയമസാധുതയില്ലെന്നും അത്തരം ഉത്തരവുകൾ പുനഃപരിശോധിക്കണമെന്നും ബഹു. ഹൈക്കോടതി നിർദ്ദേശിക്കുകയുണ്ടായി. പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റിയിലെ അംഗങ്ങളായ ഉദ്യോഗസ്ഥർക്ക് ജോലിത്തിരക്കുമൂലം പങ്കെടുക്കുവാൻ സാധിക്കുന്നില്ലെങ്കിൽ ആയതിലേക്ക് സമയമുള്ള ഉദ്യോഗസ്ഥരെ ചേർത്ത് പുനഃസംഘടിപ്പിക്കുവാൻ ശ്രമിക്കാമായിരുന്നു. സാധാരണക്കാരായ പാവപ്പെട്ട ജനവിഭാഗങ്ങളുടെ ജീവനെയും സ്വത്തിനെയും ബാധിക്കുന്ന പ്രശ്നങ്ങളിൽ ക്രിയാത്മകമായി ഇടപെടേണ്ട പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റിയെ നിർവീര്യമാക്കിക്കൊണ്ടും ഹൈക്കോടതി വിധിയെ മറികടന്നും കൊണ്ടുവരുന്ന ഈ ബില്ലിനെതിരെ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

കെ. എം. മാണി (ഒപ്പ്)

അനുബന്ധം II

# 2018-ലെ കേരള പോലീസ് (ഭേദഗതി) ബിൽ

## (സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[വശത്ത് വരച്ചത് സബ്ജക്റ്റ് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതിയെ സൂചിപ്പിക്കുന്നു]

## 2011-ലെ കേരള പോലീസ് ആക്റ്റ് വീണ്ടും

## ഭേദഗതി ചെയ്യുന്നതിനുള്ള

## ഒരു

## ബിൽ

<u>പീഠിക</u>.—2011-ലെ കേരള പോലീസ് ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.—(1) ഈ ആക്റ്റിന് 2018-ലെ കേരള പോലീസ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2018 നവംബർ 5-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. <u>112-ാം വകുപ്പിന്റെ ഭേദഗതി</u>.—2011-ലെ കേരള പോലീസ് ആക്റ്റിലെ (2011-ലെ 8) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 112-ാം വകുപ്പ് (4)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(5) സംസ്ഥാന അതോറിറ്റിയുടെ ചെയർപേഴ്സണോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും അംഗത്തിനോ അംഗങ്ങൾക്കോ, അതതു സംഗതിപോലെ, അപ്രകാരമുള്ള അതോറിറ്റിയുടെ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന്റെ ആവശ്യത്തിലേക്കായി, അപ്രകാരമുള്ള അതോറിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ ഒറ്റയ്ക്കോ കൂട്ടായോ തീരുമാനമെടുക്കാവുന്നതാണ്.

(6) ജില്ലാ അതോറിറ്റിയുടെ ചെയർപേഴ്സണോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും അംഗത്തിനോ അംഗങ്ങൾക്കോ, അതതു സംഗതിപോലെ, അപ്രകാരമുള്ള അതോറിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ ഒറ്റയ്ക്കോ കൂട്ടായോ തീരുമാനമെടുക്കാവുന്നതാണ്.".

3. <u>തീർപ്പാകാതെ നിലവിലിരിക്കുന്ന ചില അപേക്ഷകളെ സംബന്ധിച്ചും മറ്റു ചില സംഗതികളെ സംബന്ധിച്ചും ഉള്ള പ്രത്യേക വ്യവസ്ഥ</u>.—പ്രധാന ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ ഏതെങ്കിലും കോടതിയുടെ വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, അതതു സംഗതി പോലെ, സംസ്ഥാന അതോറിറ്റിയുടെയോ ജില്ലാ അതോറിറ്റികളുടെയോ മുമ്പാകെ പ്രധാന ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ സമർപ്പിച്ചിട്ടുള്ളതും, തീർപ്പാകാതെ നിലവിലിരിക്കുന്നതുമായ എല്ലാ അപേക്ഷകളെ സംബന്ധിച്ചും ഏതെങ്കിലും കോടതിയുടെ വിധിന്യായത്തിനനുസൃതമായി പ്രസ്തുത അതോറിറ്റികൾ വീണ്ടും തീർപ്പാക്കേണ്ടതായ ഏതെങ്കിലും സംഗതികളെ സംബന്ധിച്ചും ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ 112-ാം വകുപ്പ് (5) ഉം (6) ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾ ബാധകമായിരിക്കുന്നതാണ്.

4. <u>റദ്ദാക്കലും ഒഴിവാക്കലും</u>.—(1) 2018-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് (2018-ലെ 56) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2018 ഡിസംബർ 3.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*